സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## വാർത്താക്കുറിപ്പ്

### ലോക പരിസ്ഥിതി ദിനാഘോഷം - ദേവസ്വം ബോർഡിലും

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. നന്തൻകോട്ടെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് ഫലവൃക്ഷത്തൈകളും ഔഷധ സസ്യങ്ങളും നട്ടും, ഓഫീസിലും പരിസരത്തുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തുമാണ് പരിസ്ഥിതി ദിനാചരണത്തിൽ ദേവസ്വം ബോർഡും പങ്കാളിയായത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. എ. പത്മകുമാർ, റംബുട്ടാൻ തൈ നട്ടുകൊണ്ട് ബോർഡ് ആസ്ഥാനത്തെ വൃക്ഷ തൈ നടീലിന് തുടക്കം കുറിച്ചു. ബോർഡ് അംഗങ്ങളായ കെ. രാഘവൻ, കെ.പി.ശങ്കരദാസ്, ദേവസ്വം കമ്മീഷണർ എൻ.വാസു, ദേവസ്വം സെക്രട്ടറി എസ്. ജയശ്രീ, ചീഫ് എഞ്ചിനീയർ വി. ശങ്കരൻ പോറ്റി എന്നിവരും വൃക്ഷ തൈകൾ വച്ചു പിടിപ്പിച്ചു. ദേവസ്വം ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ദേവസ്വം പബ്ലിക് റിലേഷൻ ആഫീസർ സുനിൽ അരുമാനൂരും, ബോർഡിലെ ജീവനക്കാരും പങ്കാളികളായി. നെല്ലി, മാവ്, പ്ലാവ്, ചന്ദനവേപ്പ്, മാതളം തുടങ്ങിയവയുടെ തൈകളാണ് ബോർഡ് ആസ്ഥാനത്ത് തണലൊരുക്കാനായി നട്ടത്.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
05.06.2018